**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. മുരളി പെരുനെല്ലി</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഭക്ഷ്യസുരക്ഷാദിനവുമായി ബന്ധപ്പെട്ട് 'ഫുഡ് സേഫ്റ്റി ഈസ് എവരിവൺസ് ബിസിനസ് എന്ന ലോകാരോഗ്യ സംഘടനയുടെ സന്ദേശം ഉൾക്കൊണ്ട് സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ 2023 ലോക ഭക്ഷ്യ സുരക്ഷാ ദിനത്തോടനുബന്ധിച്ച് 14 ജില്ലകളിലും ലോക ഭക്ഷ്യ സുരക്ഷാ ദിനത്തിന്റെ 2023 ലെ പ്രമേയമായ 'ഫുഡ് സേഫ്റ്റി ഈസ് എവരിവൺസ് ബിസിനസ് ' എന്ന വിഷയത്തിൽ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട് . 2023-24 സാമ്പത്തിക വർഷത്തിൽ വിവിധ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന 21758 വ്യക്തികൾക്ക് 654 FoSTaC Training കളിലൂടെ പരിശീലനം നൽകിയിട്ടുണ്ട് . കൂടാതെ ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷ ലാബുകൾ വഴി 2312 ബോധവൽക്കരണ പരിപാടികൾ നടക്കുകയും 32082 സാമ്പിളുകൾ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട് . Fortified ഭക്ഷ്യ വസ്തുക്കൾ സംബന്ധിച്ച് 19 ബോധവൽക്കരണ ക്ലാസുകൾ സംസ്ഥാന ത്തുടനീളം സംഘടിപ്പിച്ചു. വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഭക്ഷ്യ സുരക്ഷ ഓഫീസർമാർ 2023-24 സാമ്പത്തിക വർഷത്തിൽ 691 ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യസുരക്ഷ പരിശോധനയിലും കുറ്റക്കാർക്ക് പിഴ ചുമത്തുന്നതിലും കൈവരിച്ചിട്ടുള്ള വർദ്ധനവ് എപ്രകാരമാണെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെയും ഈടാക്കിയ പിഴ തുകയുടെയും വിശദാംശം ചുവടെ പട്ടികയിൽ ചേർത്തിരിയ്ക്കുന്നു.<br><table><tr><td>വർഷം</td><td>2021-22</td><td>2022-23</td><td>2023-24</td></tr><tr><td>നടത്തിയ പരിശോധനകൾ</td><td>41308</td><td>75654</td><td>65432</td></tr><tr><td>ചുമത്തിയ പിഴ (രൂപ)</td><td>5230250</td><td>28206500</td><td>40504328</td></tr></table></td></tr>
<tr><td>(സി)</td><td>എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (ഇന്റലിജൻസ്) രൂപീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(സി)</td><td>സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതു വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമായി നടത്തിവരുന്നു. സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തിവരുന്നു. ഇത് കൂടാതെ പരാതികളുടെ അടിസ്ഥാനത്തിലുള്ള പരിശോധനകളും നടത്തുകയും തുടർ നടപടികൾ കർശനമായി സ്വീകരിച്ച് വരികയും ചെയ്യുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം</td></tr>
</table>

| | | | |
|---|---|---|---|
| | | | ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സംസ്ഥാനത്തുണ്ടാകുന്ന അടിയന്തിര ഭക്ഷ്യ സുരക്ഷാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഭക്ഷ്യ സുരക്ഷാ വിഷയങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനുമായി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (ഇന്റലിജൻസ്) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>ഭക്ഷ്യ വിഷബാധ, ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ, അവയുടെ ഉല്പാദക കേന്ദ്രങ്ങൾ, വിപണന മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച് പഠിച്ച് അവ ഉണ്ടാകാതിരിക്കുവാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് നൽകൽ, ഭക്ഷ്യ വിഷബാധ ഉണ്ടായാൽ അവ പെട്ടെന്ന് നിയന്ത്രിക്കാനുള്ള ഇടപെടൽ, അന്വേഷണം, റിപ്പോർട്ട് ചെയ്യൽ, പ്രവർത്തനം ഏകോപിപ്പിക്കൽ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടിക്ക് നിർദ്ദേശം നൽകൽ, നിലവാരമില്ലാത്ത ഭക്ഷ്യ എണ്ണ, നെയ്യ് എന്നിവ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കൽ, അനുവദനീയമല്ലാത്ത കൃത്രിമ നിറങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടിക്ക് നിർദ്ദേശം നൽകൽ, വ്യാജ ഓർഗാനിക് ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ, വില്പന കേന്ദ്രങ്ങൾ എന്നിവ കണ്ടെത്തി നടപടി സ്വീകരിക്കൽ, ഹെൽത്ത് സപ്ലിമെന്റ്, ഫുഡ് സപ്ലിമെന്റ് എന്നിവയുടെ നിർമ്മാണ രീതികളെക്കുറിച്ചുള്ള അന്വേഷണം തുടങ്ങി ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കുകയും ആവശ്യമായ വിവരങ്ങൾ കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യൽ, സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന ഭക്ഷണത്തെക്കുറിച്ചുള്ള പരാതികളിൽ ആവശ്യമായ അന്വേഷണവും നടപടിയും റിപ്പോർട്ടും നൽകൽ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിർദ്ദേശിക്കുന്ന മറ്റ് ചുമതലകൾ വഹിക്കൽ തുടങ്ങിയവയാണ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ ചുമതലകൾ.<br><br>കേരളത്തിലുടനീളം അടിയന്തിര ഭക്ഷ്യ സുരക്ഷാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചിട്ടുണ്ട്. |
| (ഡി) | ഭക്ഷ്യസുരക്ഷാ പരിശോധനയിൽ ബാഹ്യ സമ്മർദ്ദം ഉണ്ടാകാതിരിക്കുന്നതിനും പരിശോധനകൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിനും എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്താമോ? | (ഡി) | ഭക്ഷ്യ സംരംഭകർക്ക് ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി വികസിപ്പിച്ച പോർട്ടലാണ് **FoSCoS.** ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നൽകുന്നതിനു പുറമെ **Risk Based Inspection** എന്ന സംവിധാനത്തിലൂടെ ഏതൊക്കെ സ്ഥാപനങ്ങൾ റിസ്ക് ബേസ്ഡ് ആയി പരിശോധന നടത്തണമെന്ന് **FSSAI** തന്നെ നിർദ്ദേശിച്ച് നൽകിവരുന്നു. ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ എല്ലാ ഭക്ഷ്യ പരിശോധനകളും **FoSCoS** വഴിയാണ് നടത്തപ്പെടുന്നത്. പ്രസ്തുത പരിശോധനകളിൽ ശേഖരിക്കുന്ന സ്റ്റാറ്റ്യൂട്ടറി/ സർവ്വയിലൻസ് സാമ്പിളുകൾ **FoSCoS** ൽ മുഴുവൻ രേഖപ്പെടുത്തലുകളും വരുത്തി ടി പോർട്ടൽ വഴി ലാബിലേയ്ക്ക് അയക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. പ്രസ്തുത സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ലാബുകളിൽ പരിശോധന നടത്തി ആയതിന്റെ റിസൾട്ട് **INFoLNET** എന്ന പോർട്ടൽ വഴിയാണ് ലഭ്യമാക്കുന്നത്. ഇത്തരം സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നത് വഴി ഭക്ഷ്യ പരിശോധനകളിൽ ബാഹ്യ സമ്മർദ്ദം ഉണ്ടാകാതിരിക്കുന്നതിനും പരിശോധനകൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിനും സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>വിശദീകരണക്കുറിപ്പ്</u>

സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ 2023 ലോക ഭക്ഷ്യ സുരക്ഷാ ദിനത്തോടനുബന്ധിച്ച് 14 ജില്ലകളിലും ലോക ഭക്ഷ്യ സുരക്ഷാ ദിനത്തിന്റെ 2023 ലെ പ്രമേയമായ 'ഫുഡ് സേഫ്റ്റി ഈസ് എവരിവൺസ് ബിസിനസ്" എന്ന വിഷയത്തിൽ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ വിവിധ ഭക്ഷണ പദാർത്ഥകൾ കൈകാര്യം ചെയ്യുന്ന 21758 വ്യക്തികൾക്ക് 654 FoSTaC Training കളിലൂടെ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷ ലാബുകൾ വഴി 2312 ബോധവൽക്കരണ പരിപാടികൾ നടക്കുകയും 32082 സാമ്പിളുകൾ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. Fortified ഭക്ഷ്യ വസ്തുക്കൾ സംബന്ധിച്ച് 19 ബോധവൽക്കരണ ക്ലാസുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചു. വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഭക്ഷ്യ സുരക്ഷ ഓഫീസർമാർ 2023-24 സാമ്പത്തിക വർഷത്തിൽ 691 ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷാ വകുപ്പ് **2021-22** വർഷത്തിൽ **41308** പരിശോധനകൾ നടത്തുകയും രൂപ. **52,30,250/-** പിഴ ചുമത്തുകയും ചെയ്തു. **2022-23, 2023-24** എന്നീ വർഷങ്ങളിൽ യഥാക്രമം **75,654, 65,432** പരിശോധനകളിലായി രൂപ. **28206500/-**, രൂപ. **40504328/-** പിഴ തുക ചുമത്തുകയും ചെയ്തു.

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതു വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമായി നടത്തിവരുന്നു. സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തിവരുന്നു. ഇത് കൂടാതെ പരാതികളുടെ അടിസ്ഥാനത്തിലുള്ള പരിശോധനകളും നടത്തുകയും തുടർ നടപടികൾ കർശനമായി സ്വീകരിച്ച് വരികയും ചെയ്യുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു.

സംസ്ഥാനത്തുണ്ടാകുന്ന അടിയന്തിര ഭക്ഷ്യ സുരക്ഷാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഭക്ഷ്യ സുരക്ഷാ വിഷയങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനുമായി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (ഇന്റലിജൻസ്) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

ഭക്ഷ്യ വിഷബാധ, ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ, അവയുടെ ഉല്പാദക കേന്ദ്രങ്ങൾ, വിപണന മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച് പഠിച്ച് അവ ഉണ്ടാകാതിരിയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട്

നൽകൽ, ഭക്ഷ്യ വിഷബാധ ഉണ്ടായാൽ അവ പെട്ടെന്ന് നിയന്ത്രിക്കാനുള്ള ഇടപെടൽ, അന്വേഷണം, റിപ്പോർട്ട് ചെയ്യൽ, പ്രവർത്തനം ഏകോപിപ്പിക്കൽ, ലൈസൻസ് ഇല്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടിക്ക് നിർദ്ദേശം നൽകൽ, നിലവാരമില്ലാത്ത ഭക്ഷ്യ എണ്ണ, നെയ്യ് എന്നിവ ഉല്പാദിപ്പിയ്ക്കുന്ന കേന്ദ്രങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കൽ, അനുവദനീയമല്ലാത്ത കൃത്രിമ നിറങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടിയ്ക്ക് നിർദ്ദേശം നൽകൽ, വ്യാജ ഓർഗാനിക് ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ, വില്പന കേന്ദ്രങ്ങൾ എന്നിവ കണ്ടെത്തി നടപടി സ്വീകരിയ്ക്കൽ, ഹെൽത്ത് സപ്ലിമെന്റ്, ഫുഡ് സപ്ലിമെന്റ് എന്നിവയുടെ നിർമ്മാണ രീതികളെക്കുറിച്ചുള്ള അന്വേഷണം തുടങ്ങി ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കുകയും ആവശ്യമായ വിവരങ്ങൾ കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യൽ, സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന ഭക്ഷണത്തെക്കുറിച്ചുള്ള പരാതികളിൽ ആവശ്യമായ അന്വേഷണവും നടപടിയും റിപ്പോർട്ടും നൽകൽ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിർദ്ദേശിയ്ക്കുന്ന മറ്റ് ചുമതലകൾ വഹിക്കൽ തുടങ്ങിയവയാണ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ ചുമതലകൾ. കേരളത്തിലുടനീളം അടിയന്തിര ഭക്ഷ്യ സുരക്ഷാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചിട്ടുണ്ട്.